## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 05.10.2024 മുതൽ 09.10.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 40/2024 (80) വെള്ളിയാഴ്ച | തീയ്യതി 04/10/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 05.10.2024 | 06.10.2024 | 07.10.2024 | 08.10.2024 | 09.10.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 2 | 4 | 4 | 3 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 26 | 26 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 8 | 8 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 250 | 250 | 230 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) കൊയ്ത്തു പരുവം | - | വിരിപ്പ് കൃഷി കൊയ്ത്ത് പരുവത്തിലാണ്. മൂപ്പെത്തിയ പാടശേഖരങ്ങളിൽ കഴിയുന്നതും വേഗം വിളവെടുക്കുക. |
| നെല്ല് (മുണ്ടകൻ) | പറിച്ചുനടീൽ | സ്യൂഡോമൊണാസ് കൽച്ചറിൻറെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോളഅഴുകൽ, ഇലപ്പുള്ളിരോഗങ്ങൾ എന്നിവ ഒരുപരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | വളപ്രയോഗം | തെങ്ങുകൾക്ക് രണ്ടാം ഘട്ട വളപ്രയോഗം നടത്താവുന്നതാണ്. വലിയ തെങ്ങൊന്നിന് ഒന്നര കിലോഗ്രാം യൂറിയ, ഒന്നേമുക്കാൽ കിലോ റോക്ക് ഫോസ്ഫേറ്റ്, രണ്ടേകാൽ കിലോ മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ വീതം ഇട്ടുകൊടുക്കാവുന്നതാണ് |
| വാഴ | നടീൽ | വാഴകന്ന് ചെത്തി വൃത്തിയാക്കി ചാണകവും ചാരവും കലക്കിയ മിശ്രിതത്തിൽ മുക്കി മൂന്ന് ദിവസം ഉണക്കിയതിനുശേഷം നടുക. വാഴ നടുന്ന സമയത്ത് ഓരോ വാഴയ്ക്കും 250 ഗ്രാം കുമ്മായം വീതം ഇട്ടുകൊടുക്കാവുന്നതാണ് . |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ചത്തേക്ക് വച്ച് 2.5 കിലോ മിശ്രിതം വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)